## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 394 — 18.12.2014 ൽ മറുപടിയ്ക്ക്

### അനധികൃത അൺ എയ്ഡഡ് സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീമതി കെ.എസ്. സലീഖ<br>ഡോ. കെ.ടി. ജലീൽ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | അനധികൃതമായി പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്ക് യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളും ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അടിസ്ഥാന സൗകര്യങ്ങളില്ലാതെയും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കാതെയും സർക്കാരിന്റെ അറിവോ സമ്മതമോ കൂടാതെയും പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സർക്കാരിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂളുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തിയിട്ടില്ല. |
| (ബി) | പൊതു വിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനായി അനധികൃത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാനുള്ള നടപടിയിൽ നിന്നും പിന്മാറുന്നതിനു തയ്യാറാകുമോ? | (ബി) | 2011 - ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ ചട്ടം 14 അനുശാസിക്കുന്ന പ്രകാരം അംഗീകാരമുള്ള വിദ്യാലയങ്ങൾ മാത്രമേ വിദ്യാഭ്യാസ മേഖലയിലുണ്ടാവാൻ പാടുള്ളുവെന്നും നിലവിലുള്ള അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുവാനും നിഷ്കർഷിച്ചിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് |

അംഗീകാരം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം പ്രവർത്തിക്കുന്നവയാണെങ്കിൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ